(സി) സംസ്ഥാന ഗവൺമെന്റ് ഉടമസ്ഥതയിൽ എത്ര ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളുണ്ട്;

(ഡി) ഇവിടെ എത്ര ബാച്ച് മരുന്നുകൾ പരിശോധിക്കുവാനുള്ള സൗകര്യമുണ്ട്;

(ഇ) റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികൾ സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്നത്തേയ്ക്ക് സ്ഥാപിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രതിമാസം എത്ര ബാച്ച് അലോപ്പതി മരുന്നുകൾ വിൽക്കപ്പെടുന്നു എന്നുള്ളതിന് കണക്കൊന്നുമില്ല. അത് തിട്ടപ്പെടുത്താൻ പ്രയാസമാണ്.

(ബി) ആശുപത്രികളിൽനിന്നും മരുന്നു കടകളിൽനിന്നും, നിർമ്മാണ ശാലകളിൽനിന്നും ഡ്രഗ്സ് ഇൻസ്പെക്ടർമാർ റാൻഡം സാമ്പിളുകൾ എടുത്ത് ഗുണനിലവാരം ഉറപ്പ് വരുത്തുന്നുണ്ട്. എന്നാൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ കൂടി വിൽക്കപ്പെടുന്ന എല്ലാ മരുന്നുകളും ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നത് പ്രായോഗികമല്ല.

(സി) സംസ്ഥാന ഗവൺമെന്റ് ഉടമസ്ഥതയിൽ തിരുവനന്തപുരത്ത് ഒരു ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി മാത്രമാണുള്ളത്.

(ഡി) 3400 മുതൽ 3500 വരെ സാമ്പിളുകൾ ഒരു വർഷം പരിശോധിക്കുവാൻ സാധിക്കും.

(ഇ) എറണാകുളത്തും കോഴിക്കോട്ടും ഓരോ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ട്. ഇതിനായി കേന്ദ്ര സർക്കാരിന് പദ്ധതികൾ സമർപ്പിച്ചിരുന്നുവെങ്കിലും അവ അംഗീകരിക്കപ്പെട്ടിട്ടില്ല.

മന്തുരോഗ നിവാരണ പദ്ധതിയുടെ വിശദാംശങ്ങൾ

160 [1739] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ജൂൺ 5-ാം തീയതി നടത്താൻ ഉദ്ദേശിച്ചിരുന്ന മന്തുരോഗ നിവാരണ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഒരു ഉത്തരേന്ത്യൻ സംസ്ഥാനത്തിൽ പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട് ഡി.ഇ.സി. (ഹൈഡ്രസാൻ) ഗുളിക കഴിച്ച് ആളുകൾ മരിച്ചതായി പത്രങ്ങൾ റിപ്പോർട്ട് ചെയ്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരെ കൊണ്ട് ശാസ്ത്രീയമായി സർവേ നടത്തിയിട്ടുണ്ടോ;

(ഡി) സർവേയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ഇതു സംബന്ധിച്ച ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ആരോഗ്യവകുപ്പ് പൂർണ്ണമായി പാലിച്ചിട്ടുണ്ടോ;

(എഫ്) ഈ പദ്ധതി നടപ്പിലാക്കുന്നതിന് കേരള സർക്കാർ ത്രിതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ടോ;

(ജി) എന്തുകൊണ്ടാണ് 5-6-2004-ന് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന പദ്ധതി മാറ്റിവച്ചത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആഗോള മന്ത്രുരോഗ നിർമ്മാർജ്ജനത്തിനായി ലോക ആരോഗ്യ അസംബ്ലി 1997-ൽ പാസ്സാക്കിയ പ്രമേയത്തിൽ ഇന്ത്യ ഒപ്പുവച്ചിട്ടുണ്ട്. അതിനാൽ 2015-ഓടുകൂടി ഇന്ത്യയിൽ നിന്നും മന്ത്രുരോഗം നിർമ്മാർജ്ജനം ചെയ്യപ്പെടേണ്ടതാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിലേക്കായി 1997 മുതൽ ഇന്ത്യയിൽ തിരഞ്ഞെടുക്കപ്പെട്ട ഏതാനും ജില്ലകളിൽ ഡി.ഇ.സി. സമൂഹ മരുന്ന് ചികിത്സാ പദ്ധതി ആരംഭിച്ചു. കേരളത്തിൽ ആലപ്പുഴ, കോഴിക്കോട് ജില്ലകളാണ് തിരഞ്ഞെടുക്കപ്പെട്ടിരുന്നത്. 2000-ാം ആണ്ടിൽ കണ്ണൂർ ജില്ല കൂടി ഉൾപ്പെടുത്തി. 2004-ൽ ഇടുക്കി, വയനാട്, പത്തനംതിട്ട ഒഴികെ ബാക്കി 11 ജില്ലകളിൽ ഈ പരിപാടി നടപ്പിലാക്കുവാൻ തീരുമാനമായി. 2004 ജൂൺ 5-ന് 11 ജില്ലകളിലെ മൊത്തം ജനങ്ങൾക്കും ഡി.ഇ.സി. മരുന്ന് വിതരണം ചെയ്യുക എന്നതായിരുന്നു പ്രസ്തുത പരിപാടിയുടെ ഉദ്ദേശ്യം. ഗർഭിണികൾ, രണ്ടു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ, ഗുരുതരമായ അസുഖം ബാധിച്ചവർ എന്നിവരെ ഈ ഗുളിക കഴിക്കുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു. കേന്ദ്ര സർക്കാർ ഇതിനാവശ്യമായ ഗുളികകൾ സൗജന്യമായി 2004 ജൂൺ 5-ന് മുമ്പായി ലഭ്യമാക്കുമെന്ന് അറിയിച്ചിരുന്നു. എന്നാൽ കൃത്യസമയത്ത് ഗുളിക കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാത്തതിനെ തുടർന്ന് പ്രസ്തുത പരിപാടി താൽക്കാലികമായി മാറ്റിവയ്ക്കുകയുണ്ടായി.

(ബി) ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെവിടെയും ഡി.ഇ.സി. ഗുളിക കഴിച്ച് മരിച്ചതായി റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കർണ്ണാടക സംസ്ഥാനത്ത് മരുന്ന് വിതരണത്തിനുശേഷം 4 പേർ മരിച്ചതായി പത്ര റിപ്പോർട്ട് ഉണ്ടായിരുന്നു. അവിടത്തെ ഹെൽത്ത് ഡയറക്ടറേറ്റുമായി ബന്ധപ്പെട്ടപ്പോൾ ആ മരണങ്ങൾ ഒന്നും തന്നെ ഡി.ഇ.സി. ഗുളിക മൂലമല്ലെന്നാണ് അറിയിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(സി ആന്റ് ഡി) ഉണ്ട്. സർവേയുടെ അടിസ്ഥാനത്തിൽ മന്തുരോഗികളുടെ കണക്കും മന്തുരോഗാണു വാഹകരുടെ കണക്കും താഴെ കൊടുക്കുന്നു:

ജില്ല	കാൽ വീക്കമുള്ളവർ	കഴല വീക്കമുള്ളവർ	രോഗാണു വാഹകർ (താൽക്കാലിക റിപ്പോർട്ട്)
തിരുവനന്തപുരം	259	168	6
കൊല്ലം	48	78	..
ആലപ്പുഴ	6218	24	..
കോട്ടയം	94	..	..
എറണാകുളം	282	29	..
തൃശൂർ	285	9	3
പാലക്കാട്	265	44	157
മലപ്പുറം	86	34	17
കോഴിക്കോട്	302	102	21
കണ്ണൂർ	431	2	19
കാസർഗോഡ്	99	5	60
ആകെ	8221	495	283

(ഇ) ഉണ്ട്. ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിനുകീഴിലുള്ള നാഷണൽ വെക്ടർ ബോൺ ഡിസീസസ് കൺട്രോൾ പ്രോഗ്രാമിന്റെ അംഗീകാരത്തോടുകൂടി കേരളത്തിലും നടപ്പിലാക്കിവരുന്നു.

(എഫ്) ഉണ്ട്. ഇതിലേക്കായി എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാരുടെയും ഒരു ഉന്നതതലയോഗം 14-5-2004-ന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ വച്ച് നടത്തുകയുണ്ടായി. ജില്ലാ കളക്ടർമാർ ചെയർമാനായുള്ള ജില്ലാതല കമ്മിറ്റികൾ 11 പദ്ധതി ജില്ലകളിലും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(ജി) കേന്ദ്ര സർക്കാരിൽനിന്നും സൗജന്യമായി ലഭിക്കേണ്ടിയിരുന്ന ഗുളിക യഥാസമയം ലഭ്യമാകാത്തതു കാരണമാണ് 5-6-2004-ന് നടപ്പാക്കാനുദ്ദേശിച്ചിരുന്ന പദ്ധതി മാറ്റിവയ്ക്കേണ്ടിവന്നത്.

LIBRARY ARCHIVES Kerala Legislative Assembly